"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊവിഡ് 19 പ്രത്യേക സാഹചര്യം കണക്കിലെടുത്ത്, 2020-2021 സാമ്പത്തിക വർഷം ലോക്ക്ഡൗൺ മൂലം താത്ക്കാലികമായി അടച്ചിട്ടിരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ/ വികസന അതോറിറ്റികളുടെ ഉടമസ്ഥതയിലുള്ളതും ലേലം ചെയ്ത് നൽകിയതുമായ എല്ലാ ഇനങ്ങൾക്കും അടച്ചിട്ടിരുന്ന കാലയളവിന് ആനുപാതികമായി കിഴിവ് അനുവദിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും വികസന അതോറിറ്റികൾക്കും അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർസി) വകുപ്പ്**

സ.ഉ.(സാധാ) നം.1410/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 27/07/2021

---

പരാമർശം:- 1. 29/06/2020-ലെ സ.ഉ.(സാധാ)നം1278/2020/ത.സ്വ.ഭ.വ

2. പഞ്ചായത്ത് ഡയറക്ടറുടെ 30.11.2020-ലെ PAN/12293/2020-C7 (DP), 19.03.2021-ലെ PAN/12029/2020-C7 (DP) എന്നീ നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വികസന അതോറിറ്റികളുടേയും ഉടമസ്ഥതയിലുള്ളതും, കൊവിഡ് 19 വ്യാപനം തടയുന്നതിന് ഏർപ്പെടുത്തിയ ലോക്ക് ഡൗൺ കാരണം തുറന്ന് പ്രവർത്തിക്കാൻ സാധിക്കാത്തതുമായ സ്ഥാപനങ്ങളുടെ വാടക ഇളവ ചെയ്തു നൽകുന്നതിന്, നിബന്ധനകൾക്ക് വിധേയമായി, തീരുമാനമെടുക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും വികസന അതോറിറ്റികളെയും അനുവദിച്ചുകൊണ്ട് പരാമർശം 1 പ്രകാരം ഉത്തരവ പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി ഉത്തരവിൽ ചന്തകളുടെ ഗേറ്റ് ഫീസ്, മാർക്കറ്റ് ഫീസ്, ജംഗാർ ഫീസ്, തോണി കടത്തു ഫീസ്, ബസ് സ്റ്റാൻഡ് ഫീസ് ഇടങ്ങിയവ ഇളവ് ചെയ്യുന്ന വിഷയം ഉൾപ്പെടുത്തിയിരുന്നില്ല. പ്രസ്തുത ഇനങ്ങളിൽ ഇളവുകൾ ആവശ്യപ്പെട്ടുകൊണ്ട് നിരവധി അപേക്ഷകൾ സർക്കാരിൽ ലഭിക്കുകയുണ്ടായി.

2) കോവിഡ് 19 പ്രതിരോധവുമായി ബന്ധപ്പെട്ട് ലോക്ക് ഡൗൺ നടപ്പാക്കിയത് മൂലം ഗ്രാമപഞ്ചായത്തുകളിലെ ഗേറ്റ് ഫീ പിരിവ്, മാർക്കറ്റ് പിരിവ് ഇടങ്ങി, ലേലം ചെയ്ത് നൽകിയ എല്ലാ ഇനങ്ങളിലും, ലേലത്തിൽ പിടിച്ചവർക്ക് ടി കാലയളവിൽ വരുമാനമൊന്നും ലഭിച്ചിട്ടില്ലെന്നും, നിലവിൽ ലേലം കൊണ്ടവർ തുക അടയ്ക്കാതെ വൻ തുക കുടിശ്ശിക ആകുന്ന സാഹചര്യമാണുള്ളതെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം 2 പ്രകാരം റിപ്പോർട്ട് ചെയ്തു. മാത്രമല്ല, ഇത്തരത്തിൽ കുടിശിക വരുത്തിയാൽ ടി ആളുകൾക്ക് 2021-2022 സാമ്പത്തിക വർഷത്തേക്കുള്ള ലേല നടപടികളിൽ പങ്കെടുക്കുവാൻ സാധിക്കാതെ വരുന്ന സാഹചര്യം ഉണ്ടാകുകയും, കോടതി വ്യവഹാരങ്ങൾക്കുള്ള സാഹചര്യം സൃഷ്ടിക്കുകയും, ലേല നടപടികളെ പ്രതികൂലമായി ബാധിക്കുകയും, ലേല വരുമാനത്തിൽ വലിയ നഷ്ടം ഉണ്ടാവുകയും അത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസനപ്രവർത്തനങ്ങളെ

ബാധിക്കുകയും ചെയ്യും. ആയതിനാൽ ലോക്ക്ഡൗൺ കാലത്ത് പ്രവർത്തിക്കാതിരുന്ന കാലയളവിലെ ലേല തുകയിൽ ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ പരാമർശം 2 പ്രകാരം ശിപാർശ ചെയ്യുകയുമുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊവിഡ് 19 വ്യാപനം തടയുന്നതിന് സംസ്ഥാനത്ത് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയ പ്രത്യേക സാഹചര്യം കണക്കിലെടുത്ത്, 2020-2021 സാമ്പത്തിക വർഷം ലോക്ക്ഡൗൺ മൂലം താത്ക്കാലികമായി അടച്ചിട്ടിരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ/ വികസന അതോറിറ്റികളുടെ ഉടമസ്ഥതയിലുള്ളതും ലേലം ചെയ്ത് നൽകിയതുമായ എല്ലാ ഇനങ്ങൾക്കും അടച്ചിട്ടിരുന്ന കാലയളവിന് ആനുപാതികമായി കിഴിവ് അനുവദിക്കുന്നതിന് (പതിനായിരം രൂപയ്ക്ക് മേൽ കിഴിവ് അനുവദിക്കുന്നതിന്), 1998 ലെ കേരള പഞ്ചായത്ത് രാജ് (കരാറുകാർക്കും പാട്ടക്കാർക്കും കിഴിവ് അനുവദിക്കൽ) ചട്ടങ്ങളിലെ ചട്ടം 4, 5(4) എന്നിവ പ്രകാരവും, 1998-ലെ കേരള മുനിസിപ്പാലിറ്റി (പാട്ടക്കാർക്കും ലൈസൻസികൾക്കും കരാറുകാർക്കും കിഴിവ് അനുവദിക്കൽ) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരവും, ബന്ധപ്പെട്ട കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും വികസന അതോറിറ്റികൾക്കും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ/ നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ വികസന അതോറിറ്റി സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-I/ആഡിറ്റ്-II), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
തദ്ദേശ സ്വയംഭരണ (ഡിഎ/എഫ്എം/ഐഎ/ആർഡി) വകുപ്പ്
ധനകാര്യ വകുപ്പ് (Ref:- E. No. 1735938/DEV-3/59/21-FIN)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ത.സ്വ.ഭ.വ-ആർസി2/43/2021-ത.സ്വ.ഭ.വ.)

ഉത്തരവിൻ പ്രകാരം

Pandu T

സെക്ഷൻ ഓഫീസർ